# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 24.06.2026** പ്രധാന വാർത്തകൾ **TIME : 12.50 PM**

1. ആഗോള സുരക്ഷാ വെല്ലുവിളികളെ നേരിടുന്നതിന് ശക്തമായ സഹകരണം ആവശ്യമാണെന്ന് ബ്രിക്സ് കൂട്ടായ്മ.

   BRICS nations called for stronger cooperation to address a widening range of global security challenges.

2. രാജ്യത്തിൻറെ മൊത്തം വ്യാപാരം കഴിഞ്ഞ മൂന്നുമാസം 5.4 ശതമാനം വളർച്ച കൈവരിച്ചതായി നിതി ആയോഗ് റിപ്പോർട്ട്.

   NITI Aayog report says that the total trade of India has grown by 5.4 per cent in the last quarter.

3. കേരളത്തിൽ പി എം ശ്രീ പദ്ധതി നടപ്പാക്കുന്നതിലെ ആശങ്ക സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.

   In Kerala Assembly, Opposition staged a walkout in protest of rejecting the adjournment motion in the PM SHRI issue.

4. ഐക്യരാഷ്ട്രസഭ യോഗത്തിൽ പാകിസ്ഥാൻ, കശ്മീർ പ്രശ്നം ഉന്നയിച്ചതിനെ ശക്തമായി അപലപിച്ച് ഇന്ത്യ.

   India strongly objected to Pakistan raising the Kashmir issue at a United Nations forum.

5. ഇറാനെതിരായ സൈനിക നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള പ്രമേയം യുഎസ് സെനറ്റ് പാസാക്കി.
The United States Senate has passed a bill to pause President Donald Trump's military campaign against Iran.

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ കോംഗോയെ പരാജയപ്പെടുത്തി കൊളംബിയ നോക്കൗട്ടിൽ പ്രവേശിച്ചു.
Colombia entered the knockout of the FIFA World Cup after defeating Congo.

**********************

## BRICS

ആഗോള സുരക്ഷാ വെല്ലുവിളികളെ നേരിടുന്നതിന് ശക്തമായ സഹകരണം ആവശ്യമാണെന്ന് ബ്രിക്സ് കൂട്ടായ്മ. ന്യൂഡൽഹിയിൽ നടന്ന 16-ാമത് ബ്രിക്സ് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ ഉന്നതതല യോഗത്തിലാണ് പ്രഖ്യാപനം. ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷ സ്ഥാനത്തിന് പൂർണ്ണ പിന്തുണ അറിയിച്ച രാഷ്ട്രനേതാക്കൾ, പ്രധാനമന്ത്രി നരേന്ദ്രമോദി യുമായി കൂടിക്കാഴ്ച നടത്തി. സുരക്ഷ സഹകരണം വർധിപ്പിക്കുന്നതിലും വെല്ലുവിളികൾ നേരിടുന്നതിലും ബ്രിക്സ് കൂട്ടായ്മ നിർണായക പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

**********************

## NITI AYOG

കഴിഞ്ഞ മൂന്നുമാസത്തിൽ രാജ്യത്തിൻറെ മൊത്തം വ്യാപാരം 5.4 ശതമാനം വളർച്ച കൈവരിച്ചതായി നിതി ആയോഗ് ഉപാധ്യക്ഷൻ അശോക് കുമാർ ലാഹിരി. ന്യൂഡൽഹിയിൽ ട്രേഡ് വാച്ച് ക്വാർട്ടർലി റിപ്പോർട്ടിന്റെ ഏറ്റവും പുതിയ പതിപ്പ് പുറത്തിറക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ പാദത്തിൽ ഇന്ത്യയുടെ കയറ്റുമതി 1.84 ട്രില്യൺ ഡോളറിലെത്തിയെന്നും ഇറക്കുമതി 6.5 ശതമാനം വർദ്ധിച്ചതായും ശ്രീ അശോക് കുമാർ ലാഹിരി പറഞ്ഞു.

**********************

## INDIA US TRADE (INTRO)

ഇന്ത്യ - അമേരിക്ക ഉഭയകക്ഷി വ്യാപാര കരാർ പുനരുജ്ജീവിപ്പിക്കുന്നതിനും പുതുക്കി രൂപപ്പെടുത്തുന്നതിനുമായി ഉന്നതതല വ്യാപാര ചർച്ചകൾ ആരംഭിച്ചു. ഇരുരാജ്യങ്ങളും തമ്മിൽ ഈ വർഷം ആദ്യം ചർച്ച ചെയ്ത വ്യാപാര ചട്ടക്കൂടിനെ, അമേരിക്കയുടെ പുതിയ തീരുവ നയം ബാധിച്ചതിനെ തുടർന്നാണ് വീണ്ടും ചർച്ച ആരംഭിച്ചത്. കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ, അമേരിക്കൻ വ്യാപാര പ്രതിനിധി ജെയ്മിസൺ ഗ്രീർ, ഇന്ത്യയിലെ അമേരിക്കൻ അംബാസഡർ സെർജിയോ ഗോർ എന്നിവരുമായി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

വിശദാംശങ്ങളിലേക്ക്

*വ്യാപാര പങ്കാളി രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് അമേരിക്ക ഏർപ്പെടുത്തിയ താൽക്കാലിക 10 ശതമാനം തീരുവ ജൂലൈ 24-ന് അവസാനിക്കാനിരിക്കെ, അതിനു മുൻപ് തന്നെ ഒരു ഇടക്കാല വ്യാപാര കരാറിലെത്താനാണ് ഇരു രാജ്യങ്ങളും ലക്ഷ്യമിടുന്നത്. ഉഭയകക്ഷി വ്യാപാര സംഘർഷങ്ങളിൽ അയവ് വന്നതിനെ തുടർന്ന്, ഇന്ത്യയിൽ നിന്നുള്ള ഭൂരിഭാഗം ഉൽപ്പന്നങ്ങൾക്ക് അമേരിക്ക ഏർപ്പെടുത്തിയിരുന്ന തീരുവ 18 ശതമാനമായി കുറയ്ക്കുകയും, നിലവിലുണ്ടായിരുന്ന 25 ശതമാനം അധിക തീരുവ പിൻവലിക്കുകയും ചെയ്തിരുന്നു. അതേസമയം, അമേരിക്കയിൽ നിന്നുള്ള ചില വ്യാവസായിക-കാർഷിക ഉൽപ്പന്നങ്ങൾക്ക് ഇന്ത്യ നിലവിലുള്ള തീരുവ കുറയ്ക്കുകയോ പൂർണമായും ഒഴിവാക്കുകയോ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിപണി പ്രവേശനം വിപുലപ്പെടുത്തുന്നതിനും സാമ്പത്തിക സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാണ് നിലവിലെ ചർച്ചകൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

**********************

## JAISHANKAR-PASSPORT DIVAS

പതിനാലാമത് പാസ്പോർട്ട് സേവാ ദിനത്തോടനുബന്ധിച്ച് രാജ്യത്തും വിദേശത്തുമുള്ള എല്ലാ പാസ്പോർട്ട് അധികൃതർക്കും ആശംസകൾ നേർന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. പാസ്പോർട്ട് സേവാ പ്രോഗ്രാം 2.0 നടപ്പിലാക്കൽ, ചിപ്പ് ഘടിപ്പിച്ച ഇ-പാസ്പോർട്ടുകൾ, പുതിയ പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെയും , പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെയും പ്രവർത്തനം, റെക്കോർഡ് തോതിലുള്ള പാസ്പോർട്ട് വിതരണം എന്നിവ ജനങ്ങളുടെ യാത്ര കൂടുതൽ സുഗമമാക്കുന്നതായി ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിലൂടെ വ്യക്തമാക്കി.

**********************

## YOUTH PARLIAMENT-PRIZE

കേന്ദ്രീയ വിദ്യാലയങ്ങൾക്കായുള്ള 2025-26 ലെ മുപ്പത്തിയാറാമത് ദേശീയ യുവജന പാർലമെന്റ് മത്സരത്തിന്റെ സമ്മാനദാന ചടങ്ങ് നാളെ ന്യൂഡൽഹിയിൽ പാർലമെന്ററി കാര്യ സഹമന്ത്രി അർജുൻ റാം മേഘ്‌വാൾ നിവഹിക്കും. ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ന്യൂഡൽഹി- ഡോ. രാജേന്ദ്ര പ്രസാദ് കേന്ദ്രീയ വിദ്യാലയത്തിന് സർദാർ വല്ലഭായ് പട്ടേൽ റണ്ണിംഗ് പാർലമെന്ററി ഷീൽഡും ട്രോഫിയും സമ്മാനിക്കും. പ്രാദേശിക തലത്തിൽ കേരളത്തിൽ നിന്നും - തിരുവനന്തപുരം പള്ളിപ്പുറം കേന്ദ്രീയ വിദ്യാലയത്തിനും പുരസ്ക്കാരം ലഭിക്കും.

**********************

## Sabha (INTRO)

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട് അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

**********************

## SHIBU BABY JOHN

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വിഷൻ - 2031 നയരേഖയ്ക്ക് വനംവകുപ്പ് രൂപം നൽകിയതായി മന്ത്രി ഷിബു ബേബി ജോൺ. വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നതെന്ന് അദ്ദേഹം നിയമസഭയിൽ ചോദ്യോത്തരവേളയിൽ അറിയിച്ചു.

**********************

## INDIA UN PAK

ഐക്യരാഷ്ട്രസഭ യോഗത്തിൽ പാകിസ്ഥാൻ, കശ്മീർ വിഷയം ഉന്നയിച്ചതിനെ ശക്തമായി അപലപിച്ച് ഇന്ത്യ. ഇസ്ലാമാബാദ് യു എൻ വേദിയെ രാഷ്ട്രീയവൽക്കരിക്കുകയാണെന്നും, നിഷ്പക്ഷമായി നിലപാടെടുക്കേണ്ട സഹ-അധ്യക്ഷ സ്ഥാനം ദുരുപയോഗം ചെയ്തുവെന്നും ഇന്ത്യ വിമർശിച്ചു. പാകിസ്ഥാന്റെ സ്ഥിരം പ്രതിനിധി അസിം ഇഫ്തിഖർ അഹമ്മദിന്റെ അഭിപ്രായങ്ങൾക്ക് മറുപടിയായി ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ് ആണ് ഈ വിമർശനങ്ങൾ ഉന്നയിച്ചത്.

**********************

## Operation Toofan-Chief Minister

'ഓപ്പറേഷൻ തൂഫാൻ' വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി  കർണാടക, തമിഴ്നാട്, പുതുച്ചേരി മുഖ്യമന്ത്രിമാർക്ക് കത്തയച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. മയക്കുമരുന്ന് കടത്ത് ശൃംഖലകൾ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചു പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് ഏകോപിത നടപടികൾക്കായി ഈ നീക്കം. ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ച് അന്തർസംസ്ഥാന മയക്കുമരുന്ന് കടത്തിനെതിരെ സംയുക്ത പദ്ധതി രൂപീകരിക്കണമെന്ന് മുഖ്യമന്ത്രി കത്തിൽ അഭ്യർഥിച്ചു.

**********************

## VIZHIJAM - SHIP (INTRO)

രണ്ട് വർഷത്തിനുള്ളിൽ 1000 വാണിജ്യ കപ്പലുകൾ കൈകാര്യം ചെയ്യുന്ന ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന തുറമുഖങ്ങളിലൊന്നായി മാറാനൊരുങ്ങി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം.

വിശദാംശങ്ങളിലേക്ക്

(വോയിസ് )

*മദർഷിപ് MSC ലൂസിയാന ഇന്ന് വൈകിട്ട് 5 മണിയോടെ തുറമുഖത്ത് എത്തിച്ചേരുമെന്ന് അധികൃതർ അറിയിച്ചു. ആദ്യ കപ്പലെത്തി രണ്ട് വർഷം പൂർത്തിയാകും മുമ്പേയാണ് 1000 കപ്പലുകൾ ബർത്ത് ചെയ്യുന്ന ചരിത്രപരമായ നേട്ടം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കൈവരിക്കുന്നത് . ആദ്യ വാണിജ്യ കപ്പലായ San Fernando 2024 ജൂലൈ 11-നാണ് വിഴിഞ്ഞത്ത് എത്തിയത്. തുറമുഖത്ത് പൂർണ്ണതോതിൽ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2024 ഡിസംബർ 3-നാണ്. അന്താരാഷ്ട്ര കപ്പൽച്ചാലിനോട് ചേർന്നുള്ള ഭൂമി ശാസ്ത്രപരമായ സവിശേഷതയും വലിയ കപ്പലുകളെ ഉൾക്കൊള്ളാനുള്ള സ്വാഭാവിക ആഴവും വിഴിഞ്ഞത്തിന് ആഗോള തലത്തിൽ വലിയ മേൽക്കൈ നൽകുന്നുണ്ട്.വിദേശ തുറമുഖങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാനും ഇന്ത്യയുടെ ട്രാൻസ്ഷിപ്മെന്റ് വരുമാനം രാജ്യത്ത് തന്നെ നിലനിർത്താനും വിഴിഞ്ഞത്തിന്റെ പുതിയ മുന്നേറ്റം സഹായിക്കുമെന്നാണ് വിലയിരുത്തൽ.*

**********************

## US SENATE BILL- TRUMP-IRAN WAR

ഇറാനെതിരായ സൈനിക നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള പ്രമേയം യുഎസ് സെനറ്റ് പാസാക്കി. കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് കോൺഗ്രസിന്റെ അംഗീകാരം തേടണമെന്നും ബില്ലിൽ വ്യക്തമാക്കുന്നു. യുഎസ് കോൺഗ്രസിന്റെ രണ്ട് സഭകളും

ഒരുപോലെ പാസാക്കിയ ആദ്യ യുദ്ധാധികാര പ്രമേയമാണ് ഇത്.

**********************

## INDIAN EMBASY IRAN- ADVISORY

ഇറാനിലെ സുരക്ഷാ സ്ഥിതി മെച്ചപ്പെട്ടതിനാൽ ടെഹ്റാനിലെ ഇന്ത്യൻ എംബസി ഇന്ത്യൻ പൗരന്മാർക്കുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി. സമാധാന നീക്കങ്ങൾ വേഗത്തിൽ നടക്കുന്നുണ്ടെങ്കിലും, ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഇന്ത്യൻ പൗരന്മാർ ഇറാനിലേക്കുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് എംബസി അറിയിച്ചു. നിലവിൽ ഇറാനിൽ താമസിക്കുന്ന ഇന്ത്യൻ പൗരന്മാരും ഒഴിവാക്കാനാവാത്ത കാരണങ്ങളാൽ ഇറാനിലേക്ക് പോകേണ്ടിവരുന്നവരും ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

**********************

## REV. FIFA WORLD CUP

ഫിഫ ലോകകപ്പിലെ നിർണായക മത്സരത്തിൽ കോംഗോയെ ഏകപക്ഷീയമായ ഒരു ഗോളിന് തകർത്ത് കൊളംബിയ നോക്കൗട്ടിൽ പ്രവേശിച്ചു. ശക്തമായി പൊരുതിയ കോംഗോക്കെതിരെ 76–-ാം‍ം മിനിറ്റിൽ കൊളംബിയ വിജയഗോൾ നേടി. ഗ്രൂപ്പ് കെ-യിലെ മറ്റൊരു മത്സരത്തിൽ ഉസ്ബെക്കിസ്ഥാനെ, എതിരില്ലാത്ത അഞ്ചുഗോളിന് തകർത്ത് പോർച്ചുഗൽ ആദ്യ ജയം സ്വന്തമാക്കി. മത്സരത്തിൽ മികച്ച പ്രകടനം പുറത്തെടുത്ത നായകൻ ക്രിസ്റ്റ്യാനോ റൊണാൾഡോ രണ്ട് ഗോളുകൾ നേടി ടീമിന്റെ വിജയത്തിൽ നിർണായക പങ്കുവഹിച്ചു. ഈ ഗോളുകളോടെ, റൊണാൾഡോ ആറ് ലോകകപ്പ് ടൂർണമെന്റുകളിൽ ഗോൾ നേടുന്ന ആദ്യ താരം എന്ന ചരിത്ര നേട്ടം സ്വന്തമാക്കി . ഗ്രൂപ്പ് എല്ലിലെ മുൻനിരക്കാരായ ഇംഗ്ലണ്ടിനെ ഘാന ഗോൾരഹിത സമനിലയിൽ തളച്ചു. പാനമയെ ഏതിരില്ലാത്ത ഒരു ഗോളിന് ക്രൊയേഷ്യ പരാജയപ്പെടുത്തി. ഇന്ന് രാത്രി 12.30ന് ഗ്രൂപ്പ് ബിയിൽ–

ക്യാനഡ സ്വിറ്റ്സർലൻഡിനെയും,
ഖത്തർ ബോസ്നിയയെയും നേരിടും. ഗ്രൂപ്പ് സിയിൽ നാളെ പുലർച്ചെ 3.30ന് ബ്രസീൽ സ്കോട്ട്ലൻഡിന് എതിരെ കളത്തിലിറങ്ങും.

**********************

## High Court-Kerala

തിരുവനന്തപുരം കോർപറേഷനിലെ 20 കൗൺസിലർമാരുടെ സത്യപ്രതിജ്ഞ അസാധുവാക്കി ഹൈക്കോടതി. വിവിധ ദൈവങ്ങൾ, രക്തസാക്ഷികൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയുടെ നാമത്തിൽ എടുത്ത സത്യപ്രതിജ്ഞയാണ് അസാധുവാക്കിയത്. നിയമത്തിൽ നിർദേശിച്ചിട്ടുള്ള രീതിയിൽ നാല് ആഴ്ചയ്ക്കകം വീണ്ടും സത്യപ്രതിജ്ഞ ചെയ്യുന്നതിനുള്ള ക്രമീകരണം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കണമെന്ന് കോടതി നിർദേശം നൽകി.
അതെസമയം, ഹൈക്കോടതിവിധി പൂർണമായും അംഗീകരിച്ചു കൊണ്ട് മുന്നോട്ടുപോകുമെന്ന് മേയർ
വി.വി രാജേഷ് അറിയിച്ചു.

**********************

***************

*****